## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3390** **11-03-2025 - ൽ മറുപടിയ്ക്ക്**

## തൊട്ടുവൈ പാലം അപ്രോച്ച് റോഡിനാവശ്യമായ ഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല തൊട്ടുവൈ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ വർക്കല വില്ലേജിൽ ഉൾപ്പെട്ട 51 ആർസ് സ്ഥലം ശിവഗിരി - തൊട്ടുവൈ പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകി 04/07/2023-ലെ സ.ഉ(സാധാ) നം. 2479/2023/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, എന്നാൽ പദ്ധതി പ്രദേശത്ത് നടത്തിയ സ്ഥല പരിശോധനയിൽ 48.85 ആർസ് ഭൂമി മാത്രമേ ഏറ്റെടുക്കേണ്ടി വരുന്നുള്ളൂ എന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 05/02/2025-ലെ സ.ഉ(സാധാ) നം. 314/2025/റവ പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ (RFCTLARR) നിയമത്തിലെ വകുപ്പ് 4(1) പ്രകാരമുള്ള വിജ്ഞാപനം (സാമൂഹ്യാഘാത പഠനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഭൂമി ഏതെങ്കിലും സർക്കാർ വകുപ്പിന്റെ കൈവശമുള്ളതാണോ; എങ്കിൽ ഏത് വകുപ്പിന്റേതെന്ന് വ്യക്തമാക്കുമോ? | (ബി) | പദ്ധതിയുടെ ആവശ്യത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമികളിൽ വർക്കല വില്ലേജിലെ ബ്ലോക്ക് 57-ൽ സർവ്വേ നമ്പർ 01, ബ്ലോക്ക് 194-ൽ സർവ്വേ നമ്പർ 31 എന്നിവയിൽ ഉൾപ്പെട്ടു വരുന്ന ഭൂമി സംസ്ഥാന സർക്കാർ കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ഉള്ളതാണ്. |

സെക്ഷൻ ഓഫീസർ